To
FMIS
[handwritten initials]
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ


ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.26.12.2018.

### ഇക്കോ ടൂറിസം:
### ശില്പശാല ഇന്ന് (ഡിസം. 27)

സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കാര്യക്ഷമമായ ഭാവിപരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുന്നതിനുമായി ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. വനം വകുപ്പിന്റേയും ടൂറിസം വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി. വഴുതക്കാട് വനം ആസ്ഥാനത്ത് ഇന്ന് (ഡിസ.27) രാവിലെ 10-ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു ശില്പശാല ഉദ്ഘാടനം ചെയ്യും. പി.സി.സി.എഫ് (ഫോറസ്റ്റ് മാനേജ്മെന്റ്) എ.കെ.ധർണി അദ്ധ്യക്ഷതവഹിക്കുന്ന ചടങ്ങിൽ ടൂറിസം വകുപ്പ് സെക്രട്ടറി റാണി ജോർജ് മുഖ്യാതിഥിയാകും. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പത്മ മഹന്തി ആമുഖപ്രഭാഷണവും ടൂറിസം ഡയറക്ടർ പി. ബാലകിരൺ മുഖ്യപ്രഭാഷണവും നടത്തും. കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംങ് ഡയറക്ടർ പി.ആർ. സുരേഷ് ആശംസകളർപ്പിക്കും. ചടങ്ങിന് ഇക്കോ ടൂറിസം ഡയറക്ടർ പി.പി. പ്രമോദ് സ്വാഗതവും സതേൺ സർക്കിൾ സി.സി.എഫ്. കെ. വിജയാനന്ദൻ നന്ദിയും പറയും.

തുടർന്ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഇക്കോടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച് ഡി.എഫ്.ഒ.മാരും വൈൽഡ്ലൈഫ് വാർഡൻമാരും പ്രഭാഷണങ്ങൾ നടത്തും. തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി, ഇക്കോ ടൂറിസം ഡയറക്ടർ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവരും പ്രത്യേക അവതരണങ്ങൾ നടത്തും.

[signature] 26/12/18

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-61